# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ദുരന്ത നിവാരണ സെൽ - കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം - രോഗ പ്രതിരോധ പ്രവർത്തനം - വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിലും ICPSന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലും കോവിഡ് പ്രോട്ടോകോൾ പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) വനിത ശിശു വികസന വകുപ്പ് ദുരന്ത നിവാരണ സെൽ നോഡൽ ഓഫീസറുടെ ഉത്തരവ് No.ICDS/A4-10357/20 തീയതി 22-10-2020.
2) വനിത ശിശു വികസന ഡയറക്ടറുടെ 12-11-20ലെ മേൽ നമ്പർ നടപടി ക്രമങ്ങൾ.

**ഉത്തരവ് നമ്പർ ICDS/A4-10357/20 തീയതി: 22-07-2021**

കോവിഡ്-19 വ്യാപനം അതിരൂക്ഷമായ സാഹചര്യത്തിൽ രോഗവ്യാപനം നിയന്ത്രിക്കുന്നതിന് വകുപ്പിന് കീഴിലുള്ള ഓരോ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും Break the Chain കിയോസ്കുകളും സജ്ജീകരിച്ച് കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും അതനുസരിച്ച് പരാമർശം (2) പ്രകാരം ഫണ്ട് അനുവദിച്ചും ഉത്തരവായിരുന്നു.

എന്നാൽ കോവിഡ് രണ്ടാം ഘട്ടം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ രോഗ വ്യാപന നിയന്ത്രണത്തിന്റെ ഭാഗമായി വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിലും ICPSന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലും കോവിഡ് പ്രോട്ടോകോൾ പ്രകാരം സാനിറ്റൈസർ, ഫെയ്സ് ഷീൽഡ്, മാസ്ക് എന്നിവ വാങ്ങുന്നതിന് ഒരു ഓഫീസിന് 1,000/-രൂപ ക്രമത്തിലും ക്ഷേമ സ്ഥാപനങ്ങൾക്ക് 2,000/-രൂപ ക്രമത്തിലും ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസിന് 14x1000=14,000/-രൂപ, പ്രോഗ്രാം ഓഫീസിന് 14x1000=14,000/-രൂപ, വിമൺ പ്രൊട്ടക്ഷൻ ഓഫീസിന് 14x1000=14,000/-രൂപ, ICDS ഓഫീസുകൾക്ക് 258x1000=2,58,000/-രൂപ, മഹിളാ മന്ദിരങ്ങൾക്ക് 12x2000=24,000/-രൂപ, (വയനാട്,ഇടുക്കി ഒഴികെ) ആഫ്റ്റർ കെയർഹോമുകൾക്ക് 3x2000=6,000/-രൂപ, (കൊല്ലം, കോഴിക്കോട്,കണ്ണൂർ) റെസ്ക്യൂ ഹോമിന് 1x2000=2,000/-രൂപ (മലപ്പുറം), ഷോർട്ട് സ്റ്റേ ഹോമിന് (കോഴിക്കോട് ) 1x2000=2,000/-രൂപയും ICPSന് കീഴിലുള്ള 25 ക്ഷേമ സ്ഥാപനങ്ങൾക്ക് (16 ചിൽഡ്രൻസ് ഹോമുകൾ, 8 ഒബ്സർവേഷൻഹോമുകൾ ഒരു Place of safety) 2,000/-രൂപയും എന്ന ക്രമത്തിൽ 50,000/-രൂപ ഉൾപ്പെടെ ആകെ 3,84,000/-രൂപ (ആകെ മൂന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) ജില്ലാ വനിത

ശിശു വികസന ഓഫീസർമാർക്ക് BIMS/BAMS പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-89 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും ഉത്തരവാകുന്നു.

ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം ജില്ലയിലെ എല്ലാ കീഴ്ക്കാര്യാലയങ്ങൾക്കും തുക അനുവദിച്ച് നൽകേണ്ടതാണ്. ജില്ലയിൽ ഒരു ഓഫീസിൽ തന്നെ ഒന്നിൽ കൂടുതൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഒരു ഓഫീസ് എന്ന ക്രമത്തിൽ മാത്രം തുക ചെലവഴിക്കേണ്ടതാണ്.

ഈ ആവശ്യത്തിനായി ICPSന് അനുവദിച്ചിട്ടുള്ള തുക DCPOമാർക്ക് BIMS പ്രകാരം അനുവദിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 50,000/-രൂപ ICPSൽ നിന്നും മേൽ ശീർഷകത്തിലേയ്ക്ക് Recoup ചെയ്യേണ്ടതാണ്.

തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് വിവര പട്ടിക എന്നിവ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:
1) പ്രോഗ്രാം മാനേജർ, ICPS.
2) എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.
3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
4) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
5) എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ട്മാർക്കും.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

ജികെ/

# അനുബന്ധം

| ക്രമ നം | ജില്ല | ജില്ലാ ഓഫീസർമാർക്ക് BIMSൽ അനുവദിക്കുന്ന തുക | ജില്ലാ ഓഫീസർമാർക്ക് BAMSൽ അനുവദിക്കുന്ന തുക | ആകെ | | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1000 | 32000 | 33000 | PO-1000, WPO-1000 24 ICDSകൾക്ക് 1000 വീതം MM(1) 2000 രൂപ, CH 2000, OH-2000 ഉൾപ്പെടെ. | |
| 2 | കൊല്ലം | 1000 | 31000 | 32000 | PO-1000, WPO-1000 21 ICDSകൾക്ക് 1000 വീതം MM(1) 2000 ACH(1) 2000, CH 2000, OH 2000 രൂപ ഉൾപ്പെടെ. | |
| 3 | പത്തനംതിട്ട | 1000 | 18000 | 19000 | PO-1000, WPO-1000 12 ICDSകൾക്ക് 1000 വീതം MM(1) 2000, CH 2000 രൂപ ഉൾപ്പെടെ. | |
| 4 | കോട്ടയം | 1000 | 23000 | 24000 | PO-1000, WPO-1000 15 ICDSകൾക്ക് 1000 വീതം MM(1) 2000, CH 2000,OH 2000 രൂപ ഉൾപ്പെടെ. | |
| 5 | ഇടുക്കി | 1000 | 15000 | 16000 | PO-1000, WPO-1000 13 ICDSകൾക്ക് 1000 വീതം | |

| | | | | | |
|---|---|---|---|---|---|
| 6 | ആലപ്പുഴ | 1000 | 25000 | 26000 | PO-1000, WPO-1000 15 ICDSകൾക്ക് 1000 വീതം MM(1) 2000,CH 4000(2),OH 2000 രൂപ ഉൾപ്പെടെ. |
| 7 | എറണാകുളം | 1000 | 31000 | 32000 | PO-1000, WPO-1000 23 ICDSകൾക്ക് 1000 വീതം MM(1) 2000,CH 2000, OH 2000 രൂപ ഉൾപ്പെടെ. |
| 8 | തൃശ്ശൂർ | 1000 | 33000 | 34000 | PO-1000, WPO-1000 23 ICDSകൾക്ക് 1000 വീതം MM(1) 2000,CH 2000,OH 2000, Place of safety 2000രൂപ ഉൾപ്പെടെ. |
| 9 | പാലക്കാട് | 1000 | 27000 | 28000 | PO-1000, WPO-1000 21 ICDSകൾക്ക് 1000 വീതം MM(1) 2000,CH 2000 രൂപ ഉൾപ്പെടെ. |
| 10 | മലപ്പുറം | 1000 | 37000 | 38000 | PO-1000, WPO-1000 29 ICDSകൾക്ക് 1000 വീതം MM(1) 2000 ACH(1) 2000,CH 2000 രൂപ ഉൾപ്പെടെ. |

| | | | | | | |
|---|---|---|---|---|---|---|
| 11 | കോഴിക്കോട് | 1000 | 37000 | 38000 | PO-1000, WPO-1000 21 ICDSകൾക്ക് 1000 വീതം MM(1) 2000, ACH(1) 2000, SSH(1) 2000,CH 4000 (2),OH 4000(2) രൂപ ഉൾപ്പെടെ. | |
| 12 | വയനാട് | 1000 | 12000 | 13000 | PO-1000, WPO-1000 8 ICDSകൾക്ക് 1000 വീതം, CH 2000 രൂപ ഉൾപ്പെടെ | |
| 13 | കണ്ണൂർ | 1000 | 31000 | 32000 | PO-1000, WPO-1000 21 ICDSകൾക്ക് 1000 വീതം MM(1) 2000 ACH(1) 2000,CH 4000(2) രൂപ ഉൾപ്പെടെ. | |
| 14 | കാസർഗോഡ് | 1000 | 18000 | 19000 | PO-1000, WPO-1000 12 ICDSകൾക്ക് 1000 വീതം MM(1) 2000,CH 2000 രൂപ ഉൾപ്പെടെ. | |
| | | 14000 | 370000 | 3,84,000 | | |

വനിത ശിശു വികസന ഡയറക്ടർ

GK /